# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ഒക്ടോബർ 25, ചൊവ്വ

**നമ്പർ 30**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സംഘടിത കുറ്റകൃത്യങ്ങളും ഗുണ്ടാ പ്രവർത്തനങ്ങളും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന അതീവഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ടി. തോമസും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു. ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കേരള കോൺഗ്രസ് (ജേക്കബ്), ഭാരതീയ ജനതാ പാർട്ടി എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) ദൃശ്യമാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരുടെ തൊഴിൽ അവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി വീണാ ജോർജ്ജ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്ത് സിമന്റിന്റെ വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തിലേക്ക് ശ്രീ. പി. ടി. തോമസ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1342/2016(i).

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | പേര് | വിഷയം | വകുപ്പ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ദളിത് യുവാക്കളെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. റ്റി . വി. രാജേഷ് | പത്രം ഏജന്റുമാർക്കും വിതരണക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | നിയമലംഘനം നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പോലീസ് സ്റ്റേഷനുകളിൽ കൂട്ടിയിട്ടിരിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. എം. വിൻസെന്റ് | കഠിനംകുളം പോലീസ് സ്റ്റേഷനിൽ സജിത്തിനെമർദ്ദിച്ചത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 5 | ശ്രീ. എം. രാജഗോപാലൻ | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി കെ.എസ്. ആർ.ടി.സി. ഡിപ്പോയിൽ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് സംബന്ധിച്ച് | ഗതാഗത വകുപ്പുമന്ത്രി |
| 7 | ഡോ. എൻ. ജയരാജ് | പെർമിറ്റില്ലാതെ ടാക്സി സർവ്വീസ് നടത്തുന്നതുമൂലമുള്ള നഷ്ടം സംബന്ധിച്ച് | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | മുനമ്പം-അഴീക്കോട് ജങ്കാർ സർവ്വീസ് സുഗമമാക്കുന്നത് സംബന്ധിച്ച് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | പുറപ്പള്ളിക്കാവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. ശശി | സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് | സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്ത് വച്ച കടലാസുകൾ :

ചട്ടം 47(2) പ്രകാരം താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 505-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

സ്പീക്കറുടെ റൂളിംഗ് :

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായി സബ്ജക്ട് കമ്മിറ്റികൾക്ക് ആവശ്യമായ രേഖകൾ പൂർണ്ണമായ നിലയിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കുകയും സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകുകയും ചെയ്തു:

"ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റികൾക്ക് വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കുന്ന രേഖകൾ പൂർണ്ണമല്ലെന്നും ഇതു സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരമല്ല അവ നൽകുന്നതെന്നും അതുമൂലം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വേണ്ടത്ര ഗൃഹപാഠം നടത്തി സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നില്ലെന്നും ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് വേണമെന്നുമാണ് ശ്രീ. എം. ഉമ്മർ ചട്ടം 303 പ്രകാരം ഉന്നയിച്ചത്. ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ വ്യക്തമായ വിശദീകരണമാണ് ഇവിടെ നൽകിയത്. തുടർന്ന് ഇത് ആവർത്തിക്കില്ലെന്ന് അദ്ദേഹം ഉറപ്പുനൽകി. എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുമെന്നും ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ സമിതികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരമായിരിക്കണം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന

സംബന്ധിച്ച യോഗവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് രേഖകൾ നൽകേണ്ടതെന്നും സഭാ നടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ളതും സ്പീക്കർമാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതുമായ നിർദ്ദേശങ്ങളിലെ 7-ാം നമ്പർ നിർദ്ദേശത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം പാർലമെന്ററികാര്യ വകുപ്പ് എല്ലാ ഭരണവകുപ്പുകൾക്കും നൽകേണ്ടതാണെന്നും അത് നടന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. കൂടാതെ അപ്രകാരമുള്ള രേഖകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതിലേക്കായി പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 6-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരം യോഗതീയതിക്ക് രണ്ട് ദിവസങ്ങൾക്കുമുമ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ മേലിൽ ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു".

<u>ധനകാര്യം:</u>

## 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അവതരിപ്പിച്ചു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് XXV, XXXVII എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചു

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 7, 8, 9, 10, 12, 13, 15, 17, 18, 19, 22, 25 എന്നീ ഖണ്ഡനോപക്ഷേപങ്ങളും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ

ധനാഭ്യർത്ഥനയെ സംബന്ധിച്ച് ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 5, 6, 8, 10, 11, 16, 19, 22, 23, 24, 25, 26, 27, 28, 30 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ബി. സത്യൻ

,, പി. ഉണ്ണി

,, വി. പി. സജീന്ദ്രൻ

ശ്രീമതി സി.കെ. ആശ

ശ്രീ. ജോൺ ഫെർണാണ്ടസ്

,, വി. കെ. ഇബ്രാഹിം കുഞ്ഞ്

,, സി. കെ. നാണു

,, ഒ. ആർ. കേളു

,, ഡോ. എൻ. ജയരാജ്

,, ഇ. കെ. വിജയൻ

,, പി. ടി. എ. റഹീം

,, ഐ. സി. ബാലകൃഷ്ണൻ

,, പുരുഷൻ കടലുണ്ടി

,, ടി. വി. ഇബ്രാഹിം

,, എ. എൻ. ഷംസീർ

,, എ. പി. അനിൽ കുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും മറുപടി നൽകി. അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ വോട്ടിനിടുകയും തള്ളിയതായി പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം XXV, XXXVII എന്നീ രണ്ട് ധനാഭ്യർത്ഥനകളും സഭ പാസ്സാക്കി.

VII, X, XVI, XXIII, XXVIII, XLIII, XLV എന്നീ നമ്പർ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സഭയുടെ മേശപ്പുറത്തുവച്ചു.

ധനാഭ്യർത്ഥനകളിന്മേൽ വോട്ടെടുപ്പ് നടത്താനുള്ള അവസാന ദിവസമാകയാൽ അതുവരെ വോട്ടിനിടാതിരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിക്കുകയും ചർച്ചകൂടാതെ പാസ്സാക്കുകയും ചെയ്തു.

I — സംസ്ഥാന നിയമസഭ

VII — മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

X — ട്രഷറികളും അക്കൗണ്ടുകളും

XVI — പെൻഷനും പലവകയും

XXIII — വാർത്താവിതരണവും പ്രചരണവും

XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

XLIII — നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും

XLV — പലവക വായ്പകളും മുൻകൂറുകളും

2016 ഒക്ടോബർ 26-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 4.09 ന് സഭ പിരിഞ്ഞു.

ശ്രീ. വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, October 25, 2016*

**No. 30**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of question posted for the day were answered orally.

*Adjourment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri P. T. Thomas and two other members regarding the serious situation reported to have arisen due to the increase in the number of organised crimes and goonda activities in the State causing serious threat to the life and wealth of people of the State.

As a mark of protest against the attitude of the Government in the matter, Members of opposition belonging Indian National Congress, Indian Union Muslim League, Kerala Congress (Jacob) and Bharathiya Janatha Party staged walkout.

*Calling Attention:*

(1) Smt. Veena George called the attention of the Chief Minister to the necessity to safeguard the labour rights of people working in visual media in the State. The Chief Minister made a statement thereto.

(2) Shri P. T. Thomas called the attention of the Chief Minister to the situation reported to have arisen due to the increasing price of cement in the State. The Chief Minister made a statement thereto.

KNPP. 1342/2016(ii).

*The matters raised under Rule 304 :*

The matters raised by Members in the house under Rule 304 are listed below:

| ക്രമ നമ്പർ | പേര് | വിഷയം | വകുപ്പ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ദളിത് യുവാക്കളെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. റ്റി. വി. രാജേഷ് | പത്രം ഏജന്റുമാർക്കും വിതരണക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | നിയമലംഘനം നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പോലീസ് സ്റ്റേഷനുകളിൽ കൂട്ടിയിട്ടിരിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. എം. വിൻസെന്റ് | കഠിനംകുളം പോലീസ് സ്റ്റേഷനിൽ സജിത്തിനെ മർദ്ദിച്ചത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 5 | ശ്രീ. എം. രാജഗോപാലൻ | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് സംബന്ധിച്ച് | ഗതാഗത വകുപ്പുമന്ത്രി |
| 7 | ഡോ. എൻ. ജയരാജ് | പെർമിറ്റില്ലാതെ ടാക്സി സർവ്വീസ് നടത്തുന്നതുമൂലമുള്ള നഷ്ടം സംബന്ധിച്ച് | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | മുനമ്പം-അഴീക്കോട് ജങ്കാർ സർവ്വീസ് സുഗമമാക്കുന്നത് സംബന്ധിച്ച് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | പുറപ്പുള്ളിക്കാവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. ശശി | സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് | സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table :*

The following papers were laid on the Table:

*As per Rule 47(2)*

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 505-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

*Ruling by the Speaker :*

The Speaker gave the following Ruling on the point of order raised by Shri M. Ummer under Rule 303 regarding the need to furnish requisite documents for Scrutiny of Demands for grants by the Subject Committees.

"ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റികൾക്ക് വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കുന്ന രേഖകൾ പൂർണ്ണമല്ലെന്നും ഇതു സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരമല്ല അവ നൽകുന്നതെന്നും അതുമൂലം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വേണ്ടത്ര ഗൃഹപാഠം നടത്തി സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നില്ലെന്നും ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് വേണമെന്നുമാണ്

ശ്രീ. എം. ഉമ്മർ ചട്ടം 303 പ്രകാരം ഉന്നയിച്ചത്. ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ വ്യക്തമായ വിശദീകരണമാണ് ഇവിടെ നൽകിയത്. തുടർന്ന് ഇത് ആവർത്തിക്കില്ലെന്ന് അദ്ദേഹം ഉറപ്പുനൽകി. എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുമെന്നും ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ സമിതികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരമായിരിക്കണം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച യോഗവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് രേഖകൾ നൽകേണ്ടതെന്നും സഭാ നടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ളതും സ്പീക്കർമാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതുമായ നിർദ്ദേശങ്ങളിലെ 7-ാം നമ്പർ നിർദ്ദേശത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം പാർലമെന്ററികാര്യ വകുപ്പ് എല്ലാ ഭരണവകുപ്പുകൾക്കും നൽകേണ്ടതാണെന്നും അത് നടന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. കൂടാതെ അപ്രകാരമുള്ള രേഖകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതിലേക്കായി പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 6-ൽ പരാമർശിച്ചിരിക്കുന്നപ്രകാരം യോഗതീയതിക്ക് രണ്ട് ദിവസങ്ങൾക്കുമുമ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ മേലിൽ ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു".

*Financial Business :*

Discussion and voting on Demands for Grants in the Raised Budget for the Financial Year 2016-17

Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs moved Demand No. XXV—Welfare of Scheduled Castes/Scheduled Tribes, other Backward Classes and Minorities for the amount shown against under column 9 in the list of Demands for Grants and Shri Pinarayi Vijayan, Chief Minister moved Demand No. XXXVII—Industries for the amount shown against under column 9 in the list of Demands for Grants. DR. T. M. Thomas Isaac, Minister for Finance and Coir laid on the Table of the Statement under Rule 236(3) relating to Demand Nos. XXV and XXXVII.

Cut motion numbers 1, 3, 7, 8, 9, 10, 12, 13, 15, 17, 18, 19, 22, 25 in the list of cut motions under Demand No. XXV, cut motion numbers 1, 3, 5, 6, 8, 10, 11, 16, 19, 22, 23, 24, 25, 26, 27, 28, 30 in the list of cut motions under Demand No. XXXVII were moved.

The following members took part in the discussion:

Shri B. Satyan

,, P. Unni

,, V. P. Sajeendran

Smt. C. K. Asha

Shri John Fernandez

,, V. K. Ibrahim Kunju

,, C. K. Nanu

,, O. R. Kelu

Dr. N. Jayaraj

Shri E. K. Vijayan

,, P. T. A. Rahim

,, I. C. Balakrishnan

,, Purushan Kadalundi

,, T. V. Ibrahim

,, A. N. Shamseer

,, A. P. Anil Kumar.

Shri A. K. Balan, Minister for Welfare of Scheduled Castes/Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs and Shri Pinarayi Vijayan, Chief Minister replied to the points raised in the discussion. The cut motions moved were put to vote and declared lost. The two Demands were then passed.

Dr. T. M. Thomas Isaac laid on the Table the statement under Rule 236(3) with regard to Demand numbers VII, X, XVI, XXIII, XXVIII, XLIII, XLV.

Being the last day allotted for voting on Demands for Grants, all the remaining Demands were guillotined in the following order for the amounts shown respectively against them in column 9 in the list of Demands for Grants.

I — State Legislature

VII — Stamps and Registration

X — Treasury and Accounts

XVI — Pension and Miscellaneous

XXIII — Information and Publicity

XXVIII — Miscellaneous Economic Services

XLIII — Compensation and Assignments

XLV — Miscellaneous Loans and Advances

The House adjourned at 4.09 p.m. to meet again at 8.30 a.m. on October 26, Thursday 2016.

V. K. Babu Prakash,
*Secretary.*